വാദം വേണമെന്നുവന്നാൽ അതു് വലിയ ബുദ്ധിമുട്ടിനു ഇടവരുന്നതാണു്. നമ്മുടെ ഉദ്യോഗസ്ഥന്മാർ, ഞാൻ മുൻപു പറഞ്ഞതുപോലെ, ഗവണ്മെന്റിന്റെ ഉദ്ദേശത്തെ ശരിയായി മനസ്സിലാക്കുന്നവരല്ല. ഒരിക്കൽ കുട്ടനാട്ടിലുള്ള ഒരു കുബേരന്റെ ഗൃഹത്തിൽ പറയുന്ന ഒരു രൂപ വില്പന വച്ചു് സാധുക്കൾക്കു നെല്ലു വിൽപ്പന നടത്തിക്കൊണ്ടിരുന്നു. ആ ഗ്രാമത്തിലെ പൗരന്മാരിൽ ചിലരുടെ ഏകോപിച്ചുള്ള അഭിപ്രായപ്രകാരമാണു് അപ്രകാരം ചെയ്തതു്. അതായതു്, കുട്ടനാട്ടിൽ സ്വന്ത ആവശ്യം കഴിഞ്ഞു് കൂടുതൽ നെല്ലുള്ളവർ അവിടെ നെല്ലില്ലാത്തവർക്കു ഗവണ്മെന്റു റേറിനു് ചില്ലറ വില്പന നടത്തണമെന്നു് നിശ്ചയിച്ചു. മുമ്പു് പറഞ്ഞ കുബേരന്റെ മുറയായിരുന്നു അന്നു്. അവിടെ ഒരു എം. എൽ. സി. യും, മൂന്നു നാലു യോഗ്യന്മാരൊക്കെ ഹാജരുണ്ടായിരുന്നു. അപ്പോഴാണു് ഡിസ്ട്രിക്റ്റു് ആഫീസർ കണക്കു പരിശോധനക്കായി അവിടെ വന്നതു്. കണക്കെല്ലാം ശരിയായി വച്ചിരിക്കുകയുമാണു്. ഈ നെല്ലു് വില്പന ഒന്നു കഴിഞ്ഞുകൊള്ളട്ടെ, രണ്ടു മണിക്കൂർ കഴിഞ്ഞാലും കണക്കു പരിശോധിക്കാമല്ലൊ എന്നു് അവിടെയിരുന്നതിൽ ഒരാൾ അദ്ദേഹത്തോടു് പറഞ്ഞു. "കുട്ടനാട്ടുകാർക്കു് നെല്ലു് ആവശ്യമില്ലാ എന്നു ഞാൻ പറഞ്ഞില്ലെ" എന്നാണു് അതിനു് അദ്ദേഹം പറഞ്ഞ മറുപടി. അപ്പോൾ മി. നാരായണക്കുറുപ്പിന്റെ അയൽവാസിയും ജനസമ്മതനുമായ ഒരു മാന്യൻ "യജമാനനെ, അങ്ങനെ ഉത്തരവാകുന്നതു കഷ്ടമാണേ" എന്നറിയിച്ചു. ഇങ്ങനെ പറഞ്ഞയാളിന്റെ മുതുകത്തു ഉടനെ ഇടിയാണു കിട്ടിയതു് എന്നുള്ളതു് ഓർക്കുമ്പോൾ ഇത്തരം ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തികൾ സാധുജനങ്ങൾക്കു് എത്രമാത്രം ദ്രോഹകരമായിരിക്കുകയില്ല എന്നുള്ളതു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ.

President: Please let me hear it over again.

കുട്ടനാട്ടിൽ സാധുക്കളിൽ പലർക്കും നെല്ലു് കിട്ടാതെ വിഷമിക്കുന്നതുകണ്ടിട്ടു് അവിടെ എന്തെങ്കിലും കുഴപ്പമുണ്ടാകുമല്ലൊ എന്നു കരുതി ഒരു ഗ്രാമത്തിലെ കുബേരന്മാരുടെ പരസ്പര സമ്മതത്തോടുകൂടി ഒരു പറ നെല്ലിനു ഒരു രൂപ നിരക്കുവച്ചു വിൽക്കണമെന്നു തീരുമാനിച്ചു. ഓരോ ദിവസം ഓരോ വീട്ടിൽനിന്നുമാണു വില്പന നടത്തണമെന്നു നിശ്ചയിച്ചിരുന്നതു്. അതനുസരിച്ചു മറ്റപ്രകാരം തവണവന്ന ഒരു കുബേരന്റെ വീട്ടിൽ സാധുക്കൾക്കു നെല്ലു വില്പന നടന്നുകൊണ്ടിരിക്കുമ്പോഴാണു അവിടത്തെ കണക്കുപരിശോധനയ്ക്കായി ഡിവിഷൻപേഷ്കാരും, ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ടും, തഹശീൽദാരും, പോലീസ് ഇൻസ്പെക്ടരും കൂടി എത്തിയതു്. അപ്പോൾ അവിടെ സന്നിഹിതനായിരുന്ന ഒരു നിയമസ്ഥനായ സാമാജികൻ, എഴുതിതീർത്തു വച്ചിരിക്കുന്ന കണക്കുകളായതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

നെല്ല് വിൽപ്പന കഴിഞ്ഞിട്ട് അതു് പരിശോധിച്ചാൽകൊള്ളാമെന്നു പറഞ്ഞു. തൽസമയം "കുട്ടനാട്ടിലുള്ളവർക്കു നെല്ലു കൊടുക്കുവാൻ പാടില്ലായെന്നു് ഞാനല്ലേ പറഞ്ഞതു" എന്നു പേഷ്കാർ അവർകളും പറയുകയുണ്ടായി. ഇതുകേട്ട നെല്ലുവാങ്ങാൻ വന്ന ഒരു മാന്യൻ "യജമാനനെ ഞാൻ ശുപ കൊടുത്തുപോയി, അതുകൊണ്ടു നെല്ലു വാങ്ങാൻ എന്നെ അനുവദിക്കേണമേ" എന്നു പറഞ്ഞു. ഉടനെ ആ ഉദ്യോഗസ്ഥൻ കുപിതനായി ഇൻസ്പെക്ടരെ വിളിച്ചു അയാളെ അടിക്കുവാൻ പറഞ്ഞു. ഇൻസ്പെക്ടർ അയാളുടെ മുതുകത്തിടിച്ചു. ഇതു പലരും കണ്ടതാണു്. ഗവണ്മെൻറു് നന്മ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. എന്നാൽ അതിനു ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ സാധുജനങ്ങളോടു ന്യായം ചെയ്യുന്നില്ലെന്നു കാണിക്കുവാനാണു ഞാൻ മേലുദ്ധരിച്ച സംഗതി എടുത്തുകാണിച്ചതു്. ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ഉദ്ദേശത്തെ മനസ്സിലാക്കാൻ കഴിയാത്ത ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തിദൃഷ്യമാണു ജനങ്ങളെ നിയമവിരുദ്ധമായ കാര്യങ്ങൾക്കു പ്രേരിപ്പിക്കുന്നതു. ഗവണ്മെൻറു ജനങ്ങൾക്കുവേണ്ടി ചെയ്യുന്ന നന്മകൾ ജനസാമാന്യത്തിനു പരക്കെ ഫലിപ്പിക്കുവാൻ സാധിക്കുന്ന പക്ഷം ഇവിടെ ഒരുത്തരും വിപ്ലവത്തിനു തയ്യാറാകുകയില്ല. ജനങ്ങളുടെയിടയിൽ പ്രവർത്തിക്കുന്ന എനിക്കു അതു നല്ലവണ്ണം അറിയാം. അതുകൊണ്ടു ജനങ്ങളിൽ തൃപ്തിയുണ്ടാക്കുന്നതിനും, സമാധാനപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വേണ്ടിയാണു് ഗവണ്മെൻറു ഈ മാതിരി നിയമങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതെന്നു ഞാൻ സമ്മതിക്കുന്നു. റിസ്ട്രിക്ഷൻമൂലം പലർക്കും പല വിഷമങ്ങളും ഉണ്ടാകുന്നുണ്ടു്. അതു് തഹശീൽദാരന്മാരുടേയും, പ്രവർത്തിയാരന്മാരുടേയും ദൃഷ്യം കൊണ്ടാണെന്നും പരാതിക്കാർ പ്രസ്താവിച്ചുകേട്ടു. ദൈവഗത്യാ എനിക്കു് എൻറെ താലൂക്കിലുള്ള തഹശീൽദാരെപ്പറ്റി യാതൊരു പരാതിയും പറയാനില്ല. അദ്ദേഹം രാപകൽ തൃപ്തികരമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടു്. ഞങ്ങളുടെ ദിക്കിൽ നെല്ലു് ധാരാളം ഉണ്ടാകുന്നുണ്ടെന്നു ഗവണ്മെൻറിനറിയാം. ഗവണ്മെൻറു ഉണ്ടാക്കുന്ന നിയമങ്ങളുടെ ഉദ്ദേശങ്ങളിലൊന്നു കുട്ടനാട്ടിലുള്ള നെല്ലു എടുത്തു വിതരണം ചെയ്യണമെന്നുള്ളതാണു്. അവിടെ അടുത്തകാലത്തു മടവീഴ്ച ഉണ്ടാകുന്ന വിവരം അറിഞ്ഞ അവസരത്തിൽ ചീഫ് സെക്രട്ടറി അവർകൾ വളരെ ആശങ്കയോടുകൂടി പ്രസ്താവിച്ചതു് മടവീണു കിടക്കുന്ന നിലങ്ങളിൽ വീണ്ടും കൃഷി തുടങ്ങുന്നതിനു് ഗവണ്മെൻറു് എന്തും ചെയ്യുന്നതിനു തയ്യാറാണെന്നും അതിലേയ്ക്കു എലക്ട്രിക് എൻജിനീയർ, ചീഫ് എൻജിനീയർ ഇവരെയൊക്കെ അങ്ങോട്ടെക്കയച്ചിരിക്കുന്നു എന്നുമാണു്. അവർ അവിടെ ചെന്നിട്ടു് കാര്യമായി യാതൊ

LIBRARY ARCHIVES Kerala Legislative Assembly

ന്നം പ്രവർത്തിച്ചില്ല. കുട്ടനാട്ടിലെ പ്രത്യേക പ്രകൃതിക്ക മടതടുക്കുന്നതിനും സ്ഥലപരിചയമുള്ള വിദഗ്ദ്ധന്മാക്കില്ലാതെ എൻജിനീയർ ഡിപ്പാർട്ടുമെൻറുകാരെക്കൊണ്ടു യാതൊന്നും സാദ്ധ്യമല്ല. മടവീഴ്ച പൊതുവെ കാരണമാകുന്ന വല്ല കാര്യങ്ങളുടേയും നിവാരണത്തിനുവേണ്ടി ചീഫ് എൻജിനീയർ ഇത്തവണത്തെ കൗൺസിലിൽ ഒരു സപ്ലിമെൻറി ഗ്രാൻറിനപേക്ഷിക്കുമെന്നായിരുന്നു എൻറെ പ്രതീക്ഷ. ഉയർന്ന പാറയിൽ ഒരു അടുക്കള പണിയിക്കാനുള്ള സപ്ലിമെൻറി ഗ്രാൻറുമായാണ് കൊണ്ടുവരുന്നതെന്നു ഞങ്ങൾ കരുതിയിരുന്നില്ല. കുട്ടനാട്ടിൽ പലയിടത്തുമായിട്ട് ഒരു ലക്ഷത്തിലധികം പുറ നിലം മടവീണുപോയിട്ടുണ്ട്. എട്ടോ, പത്തോ ആളുകളുടെ ജോലികൊണ്ടു മാത്രമാണ് ഏകദേശം പതിനാലായിരത്തിൽപരം പുറ നിലം വരുന്ന എൻറെ സമീപത്തുള്ള ഒരു പാട്ടശേഖരത്തിൻറെ കേടുപാടുകൾ തീർത്തത്. ഇതുപോലെ ഓരോ പാട്ടശേഖരത്തിനേറയും മടവീഴ്ചയുമായി ബന്ധപ്പെട്ട അനേകരുണ്ട്. ഈ സാധുക്കൾക്ക് ഇന്നു പട്ടിണി കിടക്കേണ്ടി വന്നിരിക്കുന്നു. കുട്ടനാട്ടിൽ കൊയ്ത്തുകാലം സമീപിച്ചിരിക്കുന്നതേയുള്ളു. ഈ ഘട്ടത്തിൽ കുട്ടനാട്ടിലെ ഫുഡ് സപ്ലൈ എപ്രകാരം നിർവഹിക്കുവാൻപോകുന്നുവെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. കുംഭമാസം അവസാനത്തോടുകൂടിയെ കൊയ്ത്തു് ആരംഭിക്കുകയുള്ളൂ. അവിടെയുണ്ടാകുന്ന നെല്ലു സംഭരിക്കുവാൻ ഗവണ്മെൻറു ഓർഡർ കൊടുത്തിരിക്കുന്നു. ഈ നെല്ലു് ഉണ്ടാകുന്നതിനുവേണ്ടി പ്രയത്നപ്പെട്ട അനേകം തൊഴിലാളികൾ എങ്ങിനെ കഴിയുന്നുവെന്നു ഗവണ്മെൻറു ചിന്തിക്കേണ്ടതാണ്. ഈ മാതിരിയുള്ള കഴുപ്പുങ്ങളൊന്നും വരാതെയിരിക്കണമെന്നാണ് മി. കുരുവിളയുടെ പ്രമേയംകൊണ്ടു ഉദ്ദേശിക്കപ്പെട്ടതു്. നിയമപരമായ നിലയിൽ റേഷനിംഗ് സംപ്രദായത്തിൽ കുട്ടനാട്ടിലുള്ള സാധുജനങ്ങൾക്കും മറു ഉൾപ്രദേശങ്ങളിലുള്ള സാധുക്കൾക്കെന്നപോലെ നെല്ലു വിതരണം ചെയ്യത്തക്കനിലയിലും ഗവണ്മെൻറിനു വൈഷമ്യമുണ്ടാകാതിരിക്കത്തക്ക നിലയിലും നിയമങ്ങൾ ഭേദഗതി വരുത്തണമെന്നാണ് എൻറെ അഭിപ്രായം.

ഇന്നത്തെ കാൺഫറൻസിൻറെ തീരുമാനം ഏറ്റവും ശ്രദ്ധാർഹമായ ഒന്നായിരിക്കും. ഇന്നു ചെയ്യുന്ന തീരുമാനം നടപടിയിൽ വരുത്തുവാൻ ഗവണ്മെൻറു പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. ജനപ്രതിനിധികളോടുകൂടി ആലോചിച്ചിട്ടല്ലാതെ കീഴ്ദ്യോഗസ്ഥന്മാർ യാതൊന്നും പ്രവർത്തിച്ചുപോകരുതെന്നു ചട്ടംകെട്ടുകയും വേണം. ഇതുയും ചെയ്താൽ ഗവണ്മെൻറുദ്ദേശിക്കുന്ന സംഗതികൾ സാമാന്യജനങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

ധരിക്കുവാനും തൻമൂലം അവരുടെ വിലയേറിയ സഹായസഹകരണങ്ങളും ഗവണ്മെൻറിനു ലഭിക്കുന്നതിനും എളുപ്പമാണ്.

ഇനി എനിക്ക് ചീഫ് സെക്രട്ടറി അവർകളും പ്രസ്താവിച്ച കാര്യത്തെപ്പറ്റി ഒന്നു രണ്ടു സംശയങ്ങളും തീർക്കുവാനുണ്ട്.

നെല്ല് ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേയ്ക്കു കൊണ്ടുപോകാൻ പാടില്ലെന്നു പറയുന്നു. ഒരാൾക്കുതന്നെ അടുത്തുള്ള രണ്ടു പകുതികളിലായി നിലങ്ങളും ഉണ്ടായിരിക്കും. നെല്ലു സംഭരിക്കുന്നതിനുള്ള കളം ഒരു പകുതിയിലും അയാളുടെ താമസം അടുത്ത പകുതിയിലുമായിരിക്കും. ആ നിലയിൽ കളത്തിൽ ശേഖരിക്കുന്ന നെല്ല് അടുത്ത പകുതിയിലുള്ള താമസസ്ഥലത്തേയ്ക്ക് കൊണ്ടുപോകാതിരിക്കാൻ നിവൃത്തിയില്ല. ഇങ്ങനെയുള്ള സംഗതികളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നത്.

ഗവണ്മെൻറ് ഉദ്ദേശിക്കുന്നതുപോലെ ധാരാളം പണം മുടക്കാൻ സന്നദ്ധമാണെങ്കിൽ ഇവിടെത്തന്നെ ഇനിയും ധാരാളം സ്റ്റോക്കുണ്ട്. ഇടക്കാലത്തു ജപ്പാൻയുദ്ധം തുടങ്ങിയപ്പോൾ ഇവിടത്തെ കറൻസിനോട്ടുകൾനിന്നുപോകുമെന്നുള്ള ഭയംനിമിത്തം ധാരാളംവിലകൊടുത്തു പലരും അരി സംഭരിച്ചു. ചില അവസരങ്ങളിൽ നോട്ടുകൾ ആഹാരസാധനങ്ങളായി മാറുന്ന ഒരു സംപ്രദായം ചിലേടത്തുണ്ടായിരുന്നു. ആലപ്പുഴയ്ക്കു കിഴക്കുള്ള ചങ്ങനാശേരി, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ലാ മുതലായ സ്ഥലങ്ങളിലുള്ള ആളുകൾ ധാരാളം മലഞ്ചരക്കുകളുമായി ആലപ്പുഴെ എത്തുന്നു. ഈ സാധനങ്ങൾ വലിയവിലയ്ക്കു വിറ്റു കിട്ടുന്ന പണം കൂട്ടനാട്ടിൽനിന്നും അരി വാങ്ങിക്കുന്നതിനു അവർ ഉപയോഗപ്പെടുത്തി. ഇക്കൂട്ടർക്കു ഒരുചാക്കരിക്കു ൪൦-ഓ, ൫൦-ഓ രൂപാ കൊടുക്കുന്നതിനും ഒരു മടിയും ഉണ്ടായിരുന്നില്ല. ഇങ്ങനെ ആണ് കൂട്ടനാട്ടിൽ കള്ളക്കച്ചവടം നടപ്പാകയും അരിവില ക്രമാതീതമായി വർദ്ധിക്കയും ചെയ്തത്. എൻറെ സമീപത്തു രണ്ടു റൈസ്സ് മില്ലുകൾ ഉണ്ട്. ഈ മില്ലുകളിൽ ദിനംപ്രതി ൧൫൦൦ മുതൽ ൩൦൦൦ പറവരെ നെല്ലു കുത്തുന്നു. അവിടെ രാപകൽ ജോലി നടന്നുകൊണ്ടിരിക്കുകയാണ്. രാത്രിയാകുമ്പോൾ അവർ പറയുന്ന വില കൊടുത്തു അരി വാങ്ങിക്കൊണ്ടുപോയി ചിലർ സ്റ്റോക്കുചെയ്യുന്നു. രാത്രി ൧൦ മണിക്കുശേഷമാണു ഈ മാർക്കറ്റു തുടങ്ങുന്നത്. രാത്രി ൩. മണിമുതൽ വെളുപ്പിനു ൪ മണിവരെയുള്ള സമയത്താണു ഈ കച്ചവടം. ചാക്കൊന്നിനു ഇപ്പോൾ ൩൫ രൂപവരെ വിലയുണ്ട്.

Mr. P. N. Nilakanta Pillai (*Quilon cum Kunnattur*) : ഇങ്ങനെ അമിതലാഭമെടുക്കുന്നതിനു അനുവദിക്കണമെന്നാണോ മെംബറുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

Mr. Thomas Chandy Mukkadan : എന്നല്ലാ ഞാൻ പറയുന്നത്. മി. നംപൂതിരിപ്പാട് പറഞ്ഞതുപോലെ ഈ രാജ്യത്തുള്ള ഒരൊറ്റ പ്രജയ്ക്കെങ്കിലും ഗവണ്മെൻറു റേറനുസരിച്ചു അരി വാങ്ങി ഒരുനേരമെങ്കിലും കഞ്ഞി കുടിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. കപ്പയ്ക്കാണെങ്കിൽ അതിനും വലിയ വില കൊടുക്കണം. കപ്പ വാങ്ങുന്നതിനായി പകരം നെല്ലു കൊടുക്കാമെന്നുവച്ചാൽ അതു ഇപ്പോഴത്തെ ഏർപ്പാടുകൾകൊണ്ടു സാദ്ധ്യമല്ല. ഒരു തുലാം കപ്പയ്ക്കു അതായതു ഏവു റാത്തലിനു ഏ ർ ചക്രം വിലയാണ്. അതുകൊണ്ടാണ് കിഴക്കൻപ്രദേശങ്ങളിൽ അരി സ്റ്റാക്കുചെയ്യുവാൻ ഇടയാകുന്നതു്. ഞങ്ങളുടെ പ്രദേശത്തു, ഇപ്പോഴും അഞ്ചും പത്തും ചാക്കെങ്കിലും അരി സ്റ്റാക്കുചെയ്യാത്തവർ ചുരുക്കമാണ്. അരി കിട്ടാതെ വന്നേക്കുമെന്നുള്ള പരിഭ്രമംകൊണ്ടും ഗവണ്മെൻറിന്റെ അടിക്കടിയുള്ള പ്രസ്താവനകൾകൊണ്ടും പണം ആഹാരസാധനമായി മാറണമെന്നുള്ള ഒരു ധാരണ ആളുകളിൽ കടന്നുകൂടി. കിഴക്കൻ ടിക്കിൽനിന്നും ഒരാൾ കൂട്ടനാട്ടിലെ ഒരു കർഷകന്റെ പക്കൽവന്നു് ആയിരം രൂപാ മുമ്പിൽ വെച്ചിട്ടു ഉ ാ ാ പറ നെല്ലെങ്കിലും കൊടുക്കണമെന്നാവശ്യപ്പെട്ടു. ഈ അമിതവിലയ്ക്കു നെല്ലു കൊടുക്കാൻ ആദ്യം കർഷകൻ മടിച്ചെങ്കിലും പണത്തിന്റെ മോഹം കൊണ്ടു ഒടുവിൽ കച്ചവടക്കാരന്റെ നിർബന്ധത്തിനു വഴിപ്പെട്ടു. ഇങ്ങനെ ആണ് നെല്ലുവില ഉയർന്നതു്. ഇന്നു നെല്ലിനു പറയുക ഉ രൂപ ഉ അണ, ഉ രൂപ ര അണ എന്നിങ്ങനെയാണു കൂട്ടനാട്ടിലെ റേറു്. ഗവണ്മെൻറു റേറനുസരിച്ചു ഗവണ്മെൻറിനൊ ഫുഡ് കൺട്രോളർക്കൊ ഒരു പറ നെല്ലെങ്കിലും ആവശ്യക്കാക്കു വാങ്ങിത്തരാൻ സാധിക്കുമോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഞാൻതന്നെ ആയിരപ്പറ നിലം കൃഷി ചെയ്യാനുള്ള സ്റ്റാക്കു വച്ചിരുന്നു. ഗവണ്മെൻറു കൃഷിക്കായി ലേലം ചെയ്തുകൊടുത്തതിൽ ഒരു നൂറുപറ നിലംകൂടി കൃഷിക്കെടുത്തു. അതിലേയ്ക്കുള്ള ചെലവിനു നെല്ലാവശ്യമുണ്ടു്. ഗവണ്മെൻറിനു ഈ റേറനുസരിച്ചു ആവശ്യമുള്ള നെല്ലു് സപ്ലൈ ചെയ്യാൻ സാധിക്കുമോ? സാദ്ധ്യമല്ലെങ്കിൽ കൂടിയ വിലയ്ക്കെങ്കിലും ആവശ്യത്തിനു വാങ്ങാതെ സാധിക്കുമോ?

കൂട്ടനാട്ടുകാരൻ എന്ന നിലയിൽ എനിക്കു ഒരു സംഗതി പ്രത്യേകം പ്രസ്താവിക്കുവാനുണ്ടു്. ഇവിടെ കൂടിയിട്ടുള്ളതിൽ പുഞ്ചക്കൃഷിക്കാരനായ ഒരു ഒറ്റ മെംബർ ഞാൻ മാത്രമാണ്.

ഇക്കാര്യം മി: കൃഷ്ണയ്യരും, മി: ബാലകൃഷ്ണൻതമ്പിയും സമ്മതിക്കുകയെന്നു ചെയ്യും. ഞാൻ കഴിഞ്ഞ ബഡ്ജറ്റു് സമ്മേളനത്തിൽ പ്രസ്താവിച്ചു, വെറുതെ കിടക്കുന്ന സ്ഥലങ്ങളിൽ പുഞ്ച

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ചെയ്യാൻ അനുവദിക്കണമെന്ന്. തുലാമാസമായപ്പോൾ ചിലർ അവിടെ വന്ന ഗവണ്മെൻറിന്റെ നാമധേയത്തിൽ ചില മിറിംഗ്ലകം വിളിച്ചുകൂട്ടി ആലോചിച്ചു. കൃഷി ചെയ്യാൻ സാധിക്കുമായിരുന്ന സ്ഥലങ്ങളിൽ അതിൽ ഉൾപ്പെട്ട പ്രവർത്തിച്ച ഉദ്യോഗസ്ഥന്മാക്കും ബന്ധുക്കൾക്കും ഷെയർ ഉള്ള സ്ഥലങ്ങൾ മാറിവച്ചു. ഫർ ആയിരം എന്ന പറയുന്ന ഒരു ബ്ലാക്കുണ്ട്. അതു് അനേകംപേരുടെ വകയാണ്. അതിൽ ഒരു ഭണ്ഡു പുറവരമ്പു തീർന്നാൽ ൻഅര പറ നിലമാണ് കിട്ടുന്നതു്. അതുപോലെ ൻ ആയിരപ്പറ എന്ന ഒരു നിലമുണ്ട്. അതിൽ ഒരു ഭണ്ഡു വരമ്പു തീർന്നാൽ ഫമ പറ നിലം കിട്ടും. ഫർ ആയിരപ്പറ എന്നു പറയുന്ന നിലം കൊല്ലം പേഷ്കാർക്കുടി ബന്ധപ്പെട്ടതാണ്. ഈ ബ്ലോക്കും കൃഷിക്കായി ലിസ്റ്റിൽപെടുത്തി അതിന്റെ പുറവരമ്പു മിക്കവാറും കുത്തിതീർത്തശേഷം. കൃഷി വേണ്ടെന്നുവച്ചു. തൻമൂലം പലർക്കും ഗണ്യമായ നഷ്ടം ഉണ്ടായി. വരമ്പുകൾ തീർപ്പോൾതന്നെ വ ൦ ൦ ൦ രൂപയുടെ ചെലവുവന്നു. ഈ നിലയിലാണ് നിയമങ്ങൾ കൊണ്ടുപോകുന്നതെങ്കിൽ, യാതൊരു പ്രയോജനവുമില്ല. ലോകത്തിലെ നിയമജ്ഞന്മാരിൽ അഗ്രേസരനായ ഒരാളാണു ഇവിടെ ഭരണമേധാവിയായിരിക്കുന്നതു്. അതുകൊണ്ടു് നിയമങ്ങൾ രൂപീകരിക്കുന്നതിൽ യാതൊരു വിഷമവുമില്ല. എന്നാൽ നിയമങ്ങളെ അതർഹിക്കുന്ന തരത്തിൽ കൊണ്ടുപോയില്ലെങ്കിൽ ഗവണ്മെൻറിന്റെ പോളിസിയെപ്പറ്റി ജനങ്ങളിൽ അവജ്ഞയുളവാകുകതന്നെ ചെയ്യും. കുട്ടനാട്ടിലെ മട വീണ പാടങ്ങൾ കാണാൻ ഫുഡ് കൺട്രോളർ വന്നിരുന്നു, പേഷ്കാർ വന്നിരുന്നു. ഞാൻ വരമ്പത്തു നിൽക്കുമ്പോളാണു ഒന്നരണ്ടു മട വീണതു്. അതു പരിശോധിക്കുവാൻ വന്ന ഒരു ഉദ്യോഗസ്ഥനെങ്കിലും എന്നോടു് ഇതിനെപ്പറ്റി ഒന്നുംതന്നെ ചോദിച്ചിട്ടില്ല. അവർ എന്നെക്കണ്ടില്ലെന്നാണെങ്കിൽ, അവർ വരുന്ന സമയം അറിയിക്കാം, അല്ലെങ്കിൽ എന്നെ വിളിപ്പിക്കാം. ഇതൊന്നും ചെയ്യാതെ ഇഷ്ടംപോലെ ഒരാൾ റിപ്പോർട്ടു സമർപ്പിക്കുന്നതു ശരിയാണോ? ഒരാൾ എഴുതി അയച്ചിരിക്കുന്നു, എന്റെ പാടത്തിൽ മട വീണതു ശരിപ്പെടുത്താൻ അയാൾ പണം ചെലവാക്കി എന്നു്. ഇതിലേയ്ക്കു് മറ്റാരും ചെലവാക്കിയില്ല. ചെലവു മുഴുവനും എന്റെ കൈയ്യിൽനിന്നുംതന്നെയായിരുന്നു. കർഷകക്കു് ക്രഡ്ഡായിൽ വിതരണംചെയ്യുന്നതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റിയെപ്പറ്റിയും എനിക്കു ചിലവാക്കു പ്രസ്താവിക്കുവാനുണ്ടു്. കമ്മിറ്റിയിലെ പ്രാതിനിധ്യം ശരിയായിട്ടില്ല. അതേപ്പറ്റി ഞാൻ അങ്ങേപ്പക്കൽ പരാതി പറഞ്ഞു. ഈ വിവരം ചീഫ് സിക്രട്ടറി അവർകൾക്കു എഴുതിക്കൊടുത്തു. അടുത്ത കൊല്ലത്തിൽ എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

[Thomas Chandy Mukkadan.]

ഈ കമ്മിറ്റിയെ നിയമിക്കുമ്പോൾ കർഷകർക്ക് ന്യായമായ പ്രാതിനിധ്യം അനുവദിക്കേണ്ടതാണ്.

പുതിയ നിയമപ്രകാരം കർഷകരിൽനിന്നും നെല്ലെടുക്കുന്ന കാര്യത്തെക്കുറിച്ചും ഈ ഘട്ടത്തിൽ അഭിപ്രായം പുറപ്പെടുവിക്കാതെ തരമില്ല. ഗവണ്മെൻറ് എടുക്കുവാനുദ്ദേശിക്കുന്ന നെല്ല് മുഴുവൻ കളങ്ങളിൽനിന്നും അളന്നെടുക്കുക പ്രായോഗികമല്ല. പല ജന്മികളിൽനിന്നും വലിയ ഇകകം അളന്നെടുക്കേണ്ടിവരും. ഇതിലേക്ക് ശരിയായ ഏതെങ്കിലും വ്യവസ്ഥ ചെയ്തില്ലെങ്കിൽ കർഷകർക്ക് വലിയ നഷ്ടവും ഗവണ്മെൻറിന് ബുദ്ധിമുട്ടും ഉണ്ടാകുന്നതാണ്. ഗവണ്മെൻറ് വിലയ്ക്കെടുക്കുന്ന നെല്ല് അളന്നുകൊടുക്കുവാനുള്ള അവകാശം കർഷകർക്ക് കൊടുക്കേണ്ടതാണ്. അല്ലാതെ ഗവണ്മെൻറ് നിയോഗിക്കുന്ന ആളുകൾ അളന്നെടുക്കാമെന്നുവച്ചാൽ തൻമൂലം പല കുഴപ്പങ്ങൾക്കും ഇടയാകുന്നതാണ്.

Mr. E. K. Kuriyppe (*Parur, Kunnatnad and Muvattupuzha cum Devikolam*) : സർ, ഭക്ഷണസാധനങ്ങൾ വിതരണംചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറ് ആത്മാർത്ഥമായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ഈ പ്രവർത്തനത്തിൽ പല ന്യൂനതകളും വന്നിട്ടുണ്ട്. താലൂക്ക് കമ്മിറ്റിയുടെ പ്രവർത്തനം ശരിയായ രൂപത്തിൽ നടക്കുന്നില്ല. കമ്മിറ്റി മീറ്റിംഗിൽതന്നെ പല അനുദ്യോഗസ്ഥമെമ്പറന്മാരും തഥൈവ ഉദ്യോഗസ്ഥന്മാർ ക്ഷണിച്ചാൽ വരാത്തതായി എനിക്കറിയാം. ഉദ്യോഗസ്ഥാനുദ്യോഗസ്ഥമെമ്പറന്മാർ ഒത്താശചെയ്ത് ആത്മാർത്ഥമായി വേലചെയ്യുന്നതിന് മുമ്പോട്ടുവന്നാൽ മാത്രമേ ഈ വിഷമപ്രശ്നത്തിന് പരിഹാരമുണ്ടാകയുള്ളൂ. ഭക്ഷണസാധനങ്ങൾ വിതരണംചെയ്യുന്നതിന് ഗവണ്മെൻറ് വേണ്ട നടപടി നടത്തിയാൽത്തന്നെയും സാധനങ്ങളുടെ ഉല്പന്നം വർദ്ധിപ്പിക്കാതെ വിതരണം ശരിയായി നടക്കുമോ എന്ന് ഞാൻ സംശയിക്കുന്നു. ബഹുമാനപ്പെട്ട ദിവാൻജിഅവർകൾ പ്രസ്താവിച്ചതുപോലെ നെല്ല് മാത്രമല്ല, മറ്റു ഭക്ഷണസാധനങ്ങളും കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് വേണ്ട പ്രചരണം നടത്തേണ്ടതു് അത്യാവശ്യമാണ്. ദിവാൻജി അവർകളുടെ പ്രോത്സാഹനം നിമിത്തമാണ് ദേവികുളം താലൂക്കിൽ ചില ഭാഗത്തു് ഗോതമ്പു്, ഉരുളൻകിഴങ്ങു മുതലായവ കൃഷിചെയ്യുന്നതിന് ഇടയായിട്ടുള്ളതു്. ഒരു എട്ടു മൈൽ ദൂരത്തോളം റോഡു തീരുകയാണെങ്കിൽ അനേകായിരം ഏക്കർ സ്ഥലം ഇമ്മാതിരി കൃഷികൾക്ക് സൗകര്യപ്രദമായിത്തീരും. കണ്ണൻദേവൻ കമ്പനിക്കാർ അനുവദിക്കുകയാണെങ്കിൽ നാലു മൈൽ റോഡിൻറെ ആവശ്യമേ ഉള്ളൂ. മൈലൊന്നിന് ൫൫൦൦ രൂപ വീതം മൊത്തത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വ ൦ ൦ ൦ രൂപാ ചിലവാക്കിയാൽ മതിയാകും. ദിവാൻജി അവർകളുടെ പ്രസംഗം കേട്ടതിനുശേഷമാണ് ഞാൻ ആ സ്ഥലങ്ങൾ പോയി കണ്ടത്. അവിടെ പൊട്ടറോസും വീറും ധാരാളമായി ഉണ്ടാകുമെന്ന എനിക്കു അനുഭവത്തിൽ മനസ്സിലായി. ഭക്ഷണസാധനങ്ങൾക്കുള്ള എല്ലാത്തരം കൃഷിയും വർദ്ധിപ്പിക്കുന്നതിന് ഗവണ്മെൻറ് വേണ്ടതു പ്രവർത്തിക്കണം. നെല്ല് പല സ്ഥലത്തും പലരും അധികലാഭം ആഗ്രഹിച്ച് ശേഖരിച്ചുവച്ചിട്ടുള്ളതായി ഇവിടെ ഒന്നരണ്ടു മെമ്പറന്മാർ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ കർഷകന്റെ ആവശ്യം കഴിച്ച് ബാക്കിയുള്ള നെല്ല് ഗവണ്മെൻറ് ഡിപ്പോകളിൽ ഏല്പിക്കാത്തവരെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാകാലം ഗവണ്മെൻറിനെ ധരിപ്പിക്കാൻ അവക്കു കഴിയുമായിരുന്നു.

Mr. Thomas Chandy Mukkadan : അധികാരികൾക്ക് അറിവുകൊടുക്കാമെന്നല്ലാതെ നമുക്ക് കേസ്സെടുക്കാൻ സാധിക്കുമോ?

Mr. E. K. Kuriyppe : ലോക്കൽ അധികാരികളെ ആശ്രയിച്ചു ഫലം ലഭിക്കാതിരുന്നപ്പോൾ ദിവാൻജി അവർകളെ അറിയിക്കാമായിരുന്നു! നെല്ല് ഗവണ്മെൻറിനല്ലാതെ ആക്കും കൊടുത്തുകൂടായെന്നുള്ള നയം കർശനമായി പാലിക്കുന്നതായാൽ കർഷകൻ സൂക്ഷിച്ചിട്ടുള്ള നെല്ല് എന്തുചെയ്യുമെന്നാണ് ഞാൻ ചോദിക്കുന്നത്. കാലസ്ഥിതിയനുസരിച്ചു വില കിട്ടിയാൽ ഗവണ്മെൻറിനെ ഏല്പിക്കാൻ ഏതൊരു കൃഷിക്കാരനും താല്പര്യം ഉണ്ടാകും. വില കൂട്ടിയാൽ സാധുക്കൾക്കു എങ്ങിനെ നെല്ലുവാങ്ങാൻ സാധിക്കുമെന്നു ചോദിക്കുമായിരിക്കാം. തേയില, കരുമുളക്, ഏലം, ഇഞ്ചി മുതലായവ കൃഷിചെയ്യുന്നവക്ക് ധാരാളം ആദായം ഇപ്പോൾ കിട്ടുന്നുണ്ട്. ആ വക സാധനങ്ങളുടെ വിലക്കൂടുതൽ പരിഗണിച്ച് അവയുടെ ഡ്യൂട്ടിക്കൂട്ടി ആയിനത്തിൽ കിട്ടുന്ന കൂടുതൽ വരവുകൊണ്ട് നെല്ല് വിലകൂട്ടി വാങ്ങി സാധുക്കൾക്ക് കുറഞ്ഞ വിലയ്ക്കു വില്ക്കുന്നതിനു സാധിക്കും.

President : If I understand the Honourable Member aright, I think that he is suggesting that Government should accept those Commodities which are now fetching high price and having, so to say, collected funds, thereby give subvention or finance to the growers of paddy, or, allow them to sell at a higher rate.

Mr. E. K. Kuriyppe : വടക്കൻപ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ ഒരേക്കറിനു ഫർ പറ നെല്ല മാത്രം കിട്ടുന്ന സ്ഥലങ്ങളുണ്ട്. കാരണം ശരിയായി വേലചെയ്യിക്കുന്നതിന് തക്ക ശേഷിയുള്ള കുടുംബ

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Kuriyppe]

ലികളില്ല. കന്നുകാലികളുടെ എണ്ണവും വളരെ കുറഞ്ഞിട്ടുണ്ട്. ഒരു കന്നുകാലിവിദഗ്ദ്ധനെ ഏർപ്പാടുചെയ്തു് ഗവണ്മെൻറു് ഇതിലേയ്ക്കു് വേണ്ടതു ചെയ്യണമെന്നാണു് എന്റെ അഭിപ്രായം. അതുപോലെതന്നെ നല്ലതരത്തിലുള്ള വളം ശേഖരിച്ചു ഗവണ്മെൻറിൽനിന്നും ധാരാളമായി വിതരണം ചെയ്യണം. ഏക്കറിന് ഫർ പർ നെല്ലു് എന്നു പറയുന്നതു എത്രയോ കുറവായിരിക്കുന്നു. ഒരേക്കർ നിലത്തിനു് 2 ഉ ശ്രുപയിൽ കൂടുതൽ അവിടെ ലഭിക്കാത്തതിന്റെ കാരണവും ആളായത്തിന്റെ കുറവാണു്. മേല്പറഞ്ഞ കായ്ക്കുറവിനു് വേണ്ട പരിഹാരമുണ്ടാക്കിയാൽ ഈ സ്ഥലങ്ങളിൽ വിളവു വർദ്ധിപ്പിക്കാൻ തീർച്ചയായും സാധിക്കും. ക്രൂരമായ അനേകം സ്ഥലങ്ങളിൽ ആന ഇറങ്ങിവന്നു കൃഷിയെ നഷ്ടപ്പെടുത്തുന്നുണ്ടു്. ഇതിനൊരു പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ ഉടനടി പതിയേണ്ടതാണു്.

President : Government have considered that matter and they are issuing orders in this respect. They are now allowing more extensive shooting of these wild elephants.

Mr. E. K. Kuriyppe : നെല്ലു് കർഷകന്റെ കയ്യിൽനിന്നും എടുക്കുന്ന കാര്യത്തിൽ, ഗവണ്മെൻറു ഡിപ്പോകളിൽ കർഷകന്റെ ആവശ്യം കഴിച്ചുള്ള നെല്ലു് ഏല്പിച്ചാൽ മതിയെന്നു നിർബന്ധിച്ചാൽ മതിയാകും. നെല്ലു വെളിയിൽ വില്ക്കാൻ പാടില്ലെന്നുവച്ചാൽ അധികമുള്ള നെല്ലു മുഴുവൻ ഡിപ്പോകളിൽതന്നെ വന്നുചേരും. നമ്മുതിരിപ്പാടു് അവർകൾ പ്രസ്താവിച്ചതുപോലെ കർഷകൻ അവന്റെ ആവശ്യംകഴിഞ്ഞു ബാക്കിയുള്ള നെല്ലു മുഴുവൻ ഗവണ്മെൻറു ഡിപ്പോകളിൽ ഏല്പിക്കണമെന്നു് ഒരു ചട്ടമുണ്ടാക്കിക്കഴിഞ്ഞാൽ ആ നെല്ലു് മറ്റു എവിടെ പോകാനാണു്? അങ്ങിനെയാണെങ്കിൽ ഇത്രയും പാവപ്പെട്ട കുടിയാന്മാരെയും മറ്റും നിയമിക്കേണ്ട ആവശ്യമൊന്നും വരികയില്ല. അപ്രകാരം നെല്ലു് പുറത്തു് ഒരുസ്ഥലത്തും പോകയില്ല. അപ്രകാരം കൊണ്ടുപോയാൽ അവന്റെ പേക്കു് കേസെടുക്കാം. ഇതിലേക്കെല്ലാം അന്യോഗസ്ഥന്മാരുടെ സഹകരണമില്ലെങ്കിൽ ഒന്നും സാദ്ധ്യമല്ല. കർഷകനു നെല്ലിനു് ശരിയായ വിലകിട്ടാതിരുന്നാൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നകാര്യത്തിൽ അവനു ഉത്സാഹം കുറയും.

Mr. T. Mahomed Ismail : Sir, on a point of order, is the honourable member speaking on this resolution?

LIBRARY ARCHIVES Kerala Legislative Assembly

President : You may take it as a general resolution on food.

Mr. E. K. Kuriyppe : വിതരണം ശരിയായി നടക്കണമെങ്കിൽ, സാധനങ്ങൾ ധാരാളം, കിട്ടിയാലേ സാധിക്കൂ. ഇപ്പോൾ കൃഷിചെയ്യുന്നതിനുള്ള സാമഗ്രികൾക്കെല്ലാം വില വളരെ കൂടിയിട്ടുണ്ട്. തുണി, വാക്കത്തി മുതലായവയ്ക്കെല്ലാം വലിയ വിലയാണ്. അതുകൊണ്ട് നെല്ലിനു വില കൂട്ടിയാലേ നെല്ല് വർദ്ധിക്കയുള്ളൂ, എന്നാണ് എന്റെ അഭിപ്രായം.

Mr. K. R. Narayana Aiyar : Sir, in the course of the debate on this resolution, a large number of matters not strictly relevant, have also been discussed. I do not think it necessary for me to deal with individual matters, for example, the conduct of a particular Proverthicar. I will confine my attention mostly to two points raised during the course of the debate. The first point is about the difficulty experienced by the cultivators on account of the restriction which has been imposed by the Government in regard to the removal of paddy, at this time of the harvest, from place to place. It is absolutely necessary—and Government at this stage have contemplated such a measure—to take up the responsibility of collecting all the paddy that is in excess of the requirements of a particular locality to meet the demands of the deficit localities. I may state, moreover, for the information of the House that what the Government of Madras are doing now to meet our requirements in this respect is that they are requisitioning the paddy hoarded up in places and are collecting them for being sent to us. If they have not done like this, we would not have got rice today. But it is not the intention of this Government to coerce the landholders or the cultivators in the slightest possible way unnecessarily. They will be allowed to retain a reasonable quantity for seed and for other cultivation purposes and also for their own requirements. Government will only assess what exactly they can get as the surplus quantity.

Mr. Kalloor Narayana Pillai (*Mavelikara* and *Tiruvella cum Pattanamtitta*) : ഒരു പകുതിയിലുള്ള നെല്ല് ആ പകുതിയിൽ തന്നെ മറൊരുഭാഗത്തേക്കോ അടുത്ത പകുതിയിലേക്കോ കൊണ്ടുപോകാൻ പാടില്ലെന്ന് വല്ല തടസ്സവും ചെയ്തിട്ടുണ്ടോ?

Mr. K. R. Narayana Aiyar : അങ്ങിനെ തടസ്സം ചെയ്തിട്ടില്ല.

Mr. Kochikal P. Balakrishnan Tampi : കണക്കുകൾ തയ്യാറാക്കുന്നതിനായി പാവപ്പെട്ടകാർഷകന്മാർക്ക് കൊടുത്തിട്ടുള്ള സർക്കുലറിൽ ഇതിനെ തടസ്സം ചെയ്തിട്ടില്ലേ ?

Mr. Thomas Chandy Mukkadan: എവിടെനൊക്കെയാണ് പരിശോധനയ്ക്കായി പോയതെന്ന പ്രസ്താവിക്കാൻ മയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. R. Narayana Aiyar : ദേവസ്വം തനിപ്പാടം, സോമാപ്പാടം മുതലായ പല സ്ഥലങ്ങളിലും പോയി നോക്കി. മട വീണതു കാണുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

Mr. Thomas Chandy Mukkadan : അലപ്പുഴപ്പാടങ്ങളിൽ വന്നാൽ ആദ്യമായി കാണുന്നതു് എന്റെ പാടമാണ്. മട വീണ അവസരത്തിൽ ഞാൻ അവിടെത്തന്നെ ഉണ്ടായിരുന്നു. എന്നിട്ട് അതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നെ വിളിച്ചു ചോദിക്കാമായിരുന്നില്ലേ ?

Mr. K. R. Narayana Aiyar : മെമ്പറെ അപ്പോൾ അവിടെ കണ്ടില്ല.

Mr. Thomas Chandy Mukkadan : മട വീണ സ്ഥലങ്ങളിലെല്ലാം പോയി നോക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു എന്നു പ്രസ്താവിക്കയുണ്ടായല്ലോ. എന്നാൽ ദേവസ്വം കരിപ്പാടത്തിൽ ഫ ം ദിവസമായിട്ട് വെള്ളം കയറിക്കിടന്നു് നെല്ലു് വെള്ളത്തിനടിയിൽപ്പെട്ട് മൂടവെള്ളത്തിൽ വീണ കുട്ടിയുടെ സ്ഥിതിയിലാണ് കിടക്കുന്നതു്. ഇപ്പോഴും വറ്റിത്തീർന്നിട്ടില്ല. ഫ ർ ം ം പറ നിലത്തോളം ഇപ്രകാരം കിടക്കുകയാണ്. ഫുഡ് കൺട്രോളർ അവർകളും ഈ വിവരം ബഹുമാനപ്പെട്ട ഗവണ്മെൻറിനെ മനസ്സിലാക്കി മേലാലെങ്കിലും ആ നിലങ്ങളിൽ നെല്ലു വിളയത്തക്കവണ്ണം വേണ്ടതു ചെയ്യിപ്പിക്കുവാൻ ദയവുണ്ടാകുമോ ?

Mr. K. K. Kuruvilla : May I know when it would come into force ?

Mr. K. R. Narayana Aiyar : This question is being discussed jointly by the two House. And the discussions will be concluded this evening so that some method will be evolved to achieve the object in view.

The only point, Sir, is that the Government want to have an idea of the quantity which they are going to get.

The second point is that a free passage should be allowed for paddy being taken from one place to another. I think the experience of Government in this respect was rather unfortunate. I must thank Honourable Member Mr. G. Narayana Aiyar for the suggestion he made that free allowance must be given to export paddy from out of the State, as this has given me an opportunity to say that in some places in North Travancore, I know for certain, paddy is hoarded up with the object of transporting it to the hilly areas in Travancore. If a bombardment is made in those places, I think, we will be able to lay our hands on a large stock of paddy to ease the present strain to some extent.

LIBRARY ARCHIVES Kerala Legislative Assembly

Mr. Kochikal P. Balakrishnan Tampi: In Travancore ?

Mr. K. R. Narayana Aiyar: Yes. In Travancore.

Incidentally, it was also stated in the House that allowance should be made for the free importation of rice into the State from outside. Honourable Members should know, that the unauthorised transport of rice from Tinnevelly, Shencotta and Aramboly into the State has produced rather serious reactions on the Government of Madras. They have even warned in a manner that if this practice received the active approbation of this Government, there is the likelihood of our quota being reduced.

Mr. K. K. Kuruvilla: Sir, my resolution only says that what has actually been brought into the country should be allowed to move.

Mr. K. R. Narayana Aiyar: In the case of any quantity of rice or paddy that has already been brought into the country, there is no objection for it being transported from place to place, provided Government are assured that it will not be used for profiteering purposes.

During the course of the discussion, Sir, a good deal of attention was devoted to the method of distribution. The fundamental point borne in mind in this respect by Government is that the demand of the really needy area is taken first into consideration. Instructions have already been issued to the Tahsildars in this respect and the whole process is being improved upon. Private sales have been prohibited but at the same time they have not prohibited such as are required to meet the requirements of the labourers.

Sir, reference was also made by the Honourable Member Mr. Thomas Chandy Mukkadan with regard to the needs of the Kuttanad area. I think that the Honourable Member was unfair in his statement that the officers of Government did not go round the localities and see the damage done by the recent floods. I must state before this House, that I myself went over almost all the places, accompanied by the Chief Engineer, the Electrical Engineer and the Division Peishkar and all necessary instructions were given to the local cultivators after understanding their difficulties and studying their needs. And with regard to the requirements of the labourers, when we were told by them that they did not get sufficient rice, immediately instructions were issued to supply them with 5 to 100 bags of rice on the spot.

The House rose for lunch at 2 P. M. and re-assembled at 3 P. M. with the Dewan President in the chair.

Mr. K. R. Narayana Aiyar: As I said Sir, just before the House rose for lunch, committees have been constituted in the various taluks for the purpose of distributing rice equitably and they meet once in a fortnight. The functions of these committees

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayana Aiyar]

have also been defined. Government have no objection to the committees meeting once in three weeks. I want to reiterate what I stated not in regard to enforcing the regulations relating to the movement of rice and the purchase of rice as a whole, but in regard to the object of the Government that the excess stock should be made available for the rest of the population who are badly in need of rice.

Sahib Bahadur Abdul Tayeb Shaikh Kaderbhoy: May I know from the Honourable member why not Government fix some quota in order to get the surplus from the cultivators? Without fixing any quota there is no certainty as to what should be given to them. So I would suggest that those who are getting 500 paras may retain all that is needed for themselves and give the rest to the Government.

President: That aspect of the matter has been dealt with this morning.

Mr. K. R. Narayana Aiyar: Such an alternative method as has been suggested by the member is engaging the consideration of the Government so that the chief point to be borne in mind is that the surplus stock should be purchased by Government with a view to meet the requirements of the deficit areas in the State. That is important in view of the fact that we cannot definitely depend upon supplies from outside. In the light of the explanation given, I hope the Honourable member will withdraw his resolution.

The resolution was by leave withdrawn.

DEARNESS ALLOWANCE TO GRANT-IN-AID TEACHERS.

Mr. K. K. Kuruvilla: Sir I beg to move the following resolution:

> **"Considering the great service which teachers in aided Malayalam schools are rendering to the State and the very low remuneration they are getting for their work, this Council recommends to Government that a dearness allowance of at least two rupees be given to them."**

It is not necessary, that an apostle of the poor is needed to move this resolution, because including the Honourable member Mr. Tampi every body will accept the need for this resolution. Since the Government have thought it fit to give a dearness allowance to those who get Rs. 15 and Rs. 20, which every one approves, we request that a dearness allowance of Rs. 2 may be given to those teachers who are getting Rs. 8 or Rs. 10 per month.

I am only speaking on two points so far as this resolution is concerned. One is that it will be a sad thing for us if the Government would consider that those who do the same kind of work

LIBRARY ARCHIVES Kerala Legislative Assembly